"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - മരുതോങ്കര സെന്റ് മേരിസ് ഹൈസ്കൂളിലെ ക്ലർക്കായ ശ്രീ.ജംഷാദ് എൻ.ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3498/2026/GEDN    തീയതി,തിരുവനന്തപുരം, 23-05-2026

---

പരാമർശം:- വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 25.09.2025, 12.12.2025, 29.04.2026 എന്നീ തീയതികളിലെ ഡിഇഒവികെഎ/2168/2025-ബി1 നമ്പർ കത്തുകൾ

**ഉത്തരവ്**

മരുതോങ്കര സെന്റ് മേരിസ് ഹൈസ്കൂളിൽ 01-07-2015 മുതൽ ക്ലർക്കായി നിയമിതനായ ശ്രീ.ജംഷാദ് എൻ. പ്രൊബേഷൻ കാലയളവിൽ അതായത് 30.06.2017-നകം വകുപ്പുതല പരീക്ഷയായ MOP പാസ്സാകേണ്ടതായിരുന്നു. എന്നാൽ, ടിയാൻ ഏപ്രിൽ 2025-ന് മാത്രമാണ് പ്രസ്തുത യോഗ്യത നേടിയത്. 30.06.2017 മുതൽ 30.06.2019 വരെയുള്ള ടിയാന്റെ പ്രൊബേഷൻ ദീർഘിപ്പിച്ചുകൊണ്ട് മാനേജർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രീ. ജംഷാദ് എൻ. പ്രൊബേഷൻകാലം പൂർത്തിയാക്കുന്നതിനുമുമ്പ് തെറ്റായി വാങ്ങിയ ഇൻക്രിമെന്റുകൾ റദ്ദാക്കി അധികംവാങ്ങിയ ശമ്പളം തിരിച്ചടച്ചിട്ടുണ്ട്. ടിയാന്റെ പ്രൊബേഷൻ 01.07.2019 മുതൽ 14.05.2025 വരെ ദീർഘിപ്പിച്ച് നൽകുന്നതിനായി സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ജംഷാദ് എൻ. പാസ്സായിട്ടുള്ള ആ വർഷത്തെ വകുപ്പുതല പരീക്ഷ അവസാനിച്ച തീയതി 12.05.2025 എന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാളുടെ പ്രൊബേഷൻ 01.07.2019 മുതൽ 13.05.2025 പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിന് നിയമനാധികാരിക്ക് ഉതകുന്നതിലേക്കായി ടിയാന്റെ പ്രൊബേഷൻ കാലയളവ് 14.05.2025 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അപ്സര ടി ടി

അണ്ടർ സെക്രട്ടറി

ശ്രീ.ജംഷാദ് എൻ., ക്ലർക്ക്, സെന്റ് മേരിസ് ഹൈസ്കൂൾ, മരുതോങ്കര-673 513

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വടകര

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക വെബ്&ന്യൂ മീഡിയ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്